**സബ്മിഷൻ**

## കമ്മിറ്റികളുടെ പുന:സംഘടന

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സംസ്ഥാനത്തെ മാധ്യമ പ്രവർത്തകരുടെ തൊഴിൽ, പ്രൊഫഷണൽ മികവ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികളുടെ കാലാവധി പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും അവ പുന:സംഘടിപ്പിക്കാൻ ഇതുവരെ സർക്കാർ തയ്യാറായിട്ടില്ല. മാധ്യമ പ്രവർത്തകരുടെ അക്രെഡിറ്റേഷൻ കമ്മിറ്റി, പെൻഷൻ കമ്മിറ്റി, മീഡിയ അക്കാഡമി ജനറൽ കൗൺസിൽ എന്നിവയുടെ കാലാവധിയാണ് പൂർത്തിയായതിനുശേഷവും പുന:സംഘടി പ്പിക്കാതെയിരിക്കുന്നത്. ഈ കമ്മിറ്റികളിലെല്ലാം വിവിധ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന മാധ്യമ പ്രവർത്തകരാണ് ഉൾപ്പെടുന്നത്. ഇവരുടെ പേരുകൾ നൽകുന്നത് കേരള പത്രപ്രവർത്തക യൂണിയൻ എന്നറിയപ്പെടുന്ന സംസ്ഥാനത്തെ മാധ്യമ പ്രവർത്തകരുടെ ഏക സംഘടനയാണ്. അക്രെഡിറ്റേഷൻ കമ്മിറ്റിയിലേയ്ക്ക് അംഗങ്ങളെ ചോദിച്ചുകൊണ്ട് മന്ത്രിയുടെ ഓഫീസിൽനിന്ന് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് പ്രമുഖ മാധ്യമപ്രവർത്തകരുടെ പേരുകൾ പത്രപ്രവർത്തകരുടെ സംഘടനയായ കെ.യു.ഡബ്ല്യൂ.ജെ. നിർദ്ദേശിച്ചിട്ടുള്ളതായി അറിയുന്നു. എന്നാൽ ഇതനുസരിച്ച് കമ്മിറ്റി പുന:സംഘടിപ്പിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഈ പ്രശ്നം വകുപ്പ്

മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും കമ്മിറ്റി പുന:സംഘടന നടത്താൻ തയ്യാറാകുന്നില്ലെന്നതാണ് മാധ്യമ പ്രവർത്തകരുടെ ആക്ഷേപം. ഇത് ദുരൂഹമാണ്. മാധ്യമ പ്രവർത്തകർക്ക് അക്രെഡിറ്റേഷൻ ലഭിക്കാത്തത് പല വിധത്തിലുള്ള ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കുറച്ചുനാൾ മുമ്പ് രാഷ്ട്രപതിയുടെ സന്ദർശനം റിപ്പോർട്ട് ചെയ്യാൻ അക്രെഡിറ്റേഷനുള്ള മാധ്യമ പ്രവർത്തകരെ മാത്രമേ അനുവദിച്ചുള്ളൂ. തലസ്ഥാനത്തെ പല പ്രമുഖ മാധ്യമ പ്രവർത്തകർക്കും അക്രെഡിറ്റേഷൻ ലഭിക്കാത്തതിനെത്തുടർന്ന് ഇത് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഒടുവിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ സ്വന്തം നിലയിൽ നൽകിയ താൽക്കാലിക അക്രെഡിറ്റേഷൻ കാർഡുപയോഗിച്ചാണ് പലർക്കും രാഷ്ട്രപതിയുടെ സന്ദർശനം റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞത്. ഇത്തരത്തിലുള്ള സംഭവങ്ങൾ വീണ്ടും ആവർത്തിക്കപ്പെടുന്ന സ്ഥിതിയാണ് ഇന്നുള്ളത്. മീഡിയ അക്കാഡമി ജനറൽ കൗൺസിലിന്റെ കാലാവധി കഴിഞ്ഞ വർഷം നവംബർ 29 ന് പൂർത്തിയായതാണ്. അതിനും രണ്ടുമാസം മുമ്പ് ചെയർമാന്റെ കാലാവധിയും പൂർത്തിയായിരുന്നു. പിന്നീട് ആറ് മാസത്തോളം കഴിഞ്ഞാണ് പുതിയ ചെയർമാനെ നിയോഗിച്ചത്. എന്നാൽ ജനറൽ കൗൺസിൽ നിലവിലില്ലാത്തതിനാൽ മീഡിയ അക്കാഡമിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നില്ല. പത്രപ്രവർത്തകരുടെയും വിരമിച്ച പത്രപ്രവർത്തകരുടെയും പെൻഷൻ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പെൻഷൻ കമ്മിറ്റിയുടെ അവസ്ഥയും ഇതുതന്നെയാണ്. സർക്കാരിന് യാതൊരു സാമ്പത്തിക

ബാധ്യതയുമില്ലാത്ത ഈ കമ്മിറ്റികളുടെ പുന:സംഘടന അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് എത്രയുംവേഗം ഈ കമ്മിറ്റികളുടെ പുന:സംഘടന നടത്താൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ പത്രപ്രവർത്തകരുമായി ബന്ധപ്പെട്ട് പ്രസ് അക്രെഡിറ്റേഷൻ കമ്മിറ്റി, പത്ര പ്രവർത്തക ക്ഷേമ പെൻഷൻ കമ്മിറ്റി, മീഡിയ അക്കാഡമി കമ്മിറ്റി എന്നീ മൂന്ന് കമ്മിറ്റികളാണുള്ളത്. അദ്ദേഹം പറഞ്ഞതുപോലെ ഈ സമിതികളുടെ കാലാവധി കഴിഞ്ഞു. പെൻഷൻ കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞപ്പോൾ ഒരു ഉത്തരവുണ്ടാകുന്നതുവരെ കമ്മിറ്റിയുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുള്ള തിനാൽ അതിന്റെ പ്രവർത്തനത്തിൽ തടസ്സമുണ്ടായിട്ടില്ല. മീഡിയ അക്കാഡമി അങ്ങയുടെ ഭരണകാലത്ത് പ്രസ് അക്കാഡമിയായിരുന്നു. ഇപ്പോൾ വിഷ്വൽ മീഡിയകൾ കൂടി ഉൾപ്പെടുത്തുന്നതിനായി പ്രസ് അക്കാഡമിയുടെ പേര് മാറ്റി മീഡിയ അക്കാഡമി എന്നാക്കി. ബൈലായിൽ മാറ്റം വരുത്തിയത് ലാ ഡിപ്പാർട്ടുമെന്റ് പരിശോധിക്കുകയും ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്. ഇത് ലഭിച്ചാലുടൻതന്നെ മീഡിയ അക്കാഡമിയുടെ ജനറൽ കൗൺസിൽ പുന:സംഘടിപ്പിക്കും. അങ്ങ് പറഞ്ഞതുപോലെ അക്രെഡിറ്റേഷൻ

കമ്മിറ്റിയുടെ പുന:സംഘടനയ്ക്കുവേണ്ടി മാധ്യമ പ്രവർത്തകരുടെ പേരുകൾ ചോദിച്ചിരുന്നത് ലഭിച്ചിട്ടുണ്ട്. അതിൽ കെ.യു.ഡബ്ല്യൂ.ജെ.-യുടെയും ഐ.എൻ.എസ്-ന്റെയും കെ.ടി.എഫ്-ന്റെയും പ്രതിനിധികളുണ്ടാകും. ഇവരെ ഉൾപ്പെടുത്തി കമ്മിറ്റി എത്രയും വേഗം പുന:സംഘടിപ്പിക്കുന്നതാണ്. കാലതാമസമുണ്ടായി എന്നത് ശരിയാണ് എന്നാൽ എത്രയും വേഗം പരിഹാരമുണ്ടാക്കുന്നതാണ്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: ഈ കമ്മിറ്റികൾ എത്ര ദിവസത്തിനുള്ളിൽ പുന:സംഘടിപ്പിക്കാൻ കഴിയുമെന്ന് പറയാമോ?

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, രണ്ടാഴ്ച്ചയ്ക്കുള്ളിൽ പുന:സംഘടിപ്പിക്കാം.

## <u>ചൈനാ ക്ലേ യൂണിറ്റിലെ മലിനീകരണം</u>

<u>ശ്രീ. കെ. എം. ഷാജി</u>: സർ, കണ്ണൂർ ജില്ലയിലെ ചരിത്ര പ്രസിദ്ധമായ മാടായിപ്പാറയ്ക്ക് താഴെ ഒരു ഗ്രാമം സാവധാനം മരിച്ചുതീരുകയാണ്. ഗവൺമെന്റിന്റെയോ വകുപ്പുമന്ത്രിയുടെയോ പ്രത്യേക ശ്രദ്ധക്ഷണിക്കൽ ആവശ്യമില്ലാത്ത വിഷയമാണിത്. കാരണം പതിറ്റാണ്ടുകളായി നടക്കുന്ന, ഒരു നാടിന്റെ സമരം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. ഖനന മേഖലയിൽ നിന്നും മഴക്കാലത്ത് ഒലിച്ചിറങ്ങുന്ന സൾഫർ, അലുമിനിയം, ലിഗ്നൈറ്റ്, ബ്രോമിൻ തുടങ്ങിയ രാസവസ്തുക്കൾ കൃഷിയും കുടിവെള്ളവും നശിപ്പിച്ചും വായു മലിനപ്പെടുത്തിയും ജനങ്ങളിൽ മാരകമായ രോഗങ്ങൾ വിതയ്ക്കുന്നത് ഗവൺമെന്റ്

ഏജൻസികളുടെ പഠനങ്ങളിൽപ്പോലും വ്യക്തമാണ്. അവിടത്തെ തൊഴിലാളികളുടെ മാന്യമായ പുനരധിവാസം ഒരു പ്രശ്നം തന്നെയാണ്. അത് വേണ്ടെന്ന അഭിപ്രായം ആർക്കുമില്ല, അത് പരിഹരിക്കുകയും വേണം. എന്നാൽ കുറച്ചുപേർക്ക് തൊഴിൽ ലഭിക്കാൻ വേണ്ടി മരിച്ചുതീരാനുള്ളതല്ല, ഒരു ഗ്രാമവും അതിലെ മുനഷ്യരുമെന്ന് നമ്മൾ ഓർക്കണം. ശുദ്ധവായുവും കുടിവെള്ളവും അവരുടെ മൗലികമായ അവകാശമാണ്. ആ ഫാക്ടറി അടച്ചുപൂട്ടി ഒരു നാടിനെ രക്ഷപ്പെടുത്തണ മെന്ന് അങ്ങയോട് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)</u> : സർ, മാടായിപ്പാറയിലെ പ്രശ്നം വളരെ ഗുരുതരം തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ആ സ്ഥലം സന്ദർശിച്ചതാണ്. നിരന്തരമായി എല്ലാ രാഷ്ട്രീയപാർട്ടികളും സർവ്വകക്ഷികളും നിവേദനം നൽകിക്കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ ക്യാബിനറ്റ് തീരുമാനമനുസരിച്ച് അവിടത്തെ പ്രോസസ്സിംഗും ഖനന പ്രവർത്തനങ്ങളും തൽക്കാലം നിർത്തിവച്ചിട്ടുണ്ട്. പിന്നെയുള്ളത് വൈവിധ്യവൽക്കരണത്തിനും തൊഴിലാളികൾക്ക് വോളന്ററി റിട്ടയർമെന്റ് അനുസരിച്ചുള്ള വിശദമായ പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഖനനവുമായി ബന്ധപ്പെട്ട് കരിന്തളത്തും ഇതുപോലൊരു പ്രശ്നമുണ്ട്. അവിടെ നിന്നും നിവേദനം കിട്ടിയിട്ടുണ്ട്. ........(ബഹളം).........

Mr. Chairman: No, this cannot be allowed, this will not be allowed. അതുസംബന്ധിച്ച് വേറെ സബ്മിഷൻ അവതരിപ്പിക്കണം. ശ്രീ. വി. ഡി.സതീശൻ, അങ്ങേയ്ക്ക് സബ്മിഷൻ അവതരിപ്പിക്കാം.

## സ്വർണ്ണ കള്ളക്കടത്ത്

ശ്രീ. വി. ഡി. സതീശൻ: സർ, 2013-ൽ കറന്റ് അക്കൗണ്ട് കമ്മി ആയതിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റ് കറന്റ് അക്കൗണ്ട് ഡെഫിസിറ്റ് ക്രമപ്പെടുത്തുന്നതുമായും നാണ്യപ്പെരുപ്പം വർദ്ധിച്ചതുമായും ബന്ധപ്പെട്ട് സ്വർണ്ണത്തിന്റെ കാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സ്വർണ്ണത്തിന് അതുവരെ ഒരു ശതമാനം ഉണ്ടായിരുന്ന കസ്റ്റംസ് ഡ്യൂട്ടി 10 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. മാത്രമല്ല, 100 കിലോഗ്രാം സ്വർണ്ണം വാങ്ങിയാൽ 20 കിലോഗ്രാം സ്വർണ്ണം കയറ്റുമതി ചെയ്യണമെന്ന quantitative restriction കൂടി കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തി. ചില സാമ്പത്തിക നിയന്ത്രണങ്ങളുടെ ഭാഗമായാണ് ഈ തീരുമാനം എടുത്തതെങ്കിലും ഇതിന്റെ ഫലമായി പൊതുമാർക്കറ്റിൽ സ്വർണ്ണത്തിന്റെ ദൗർലഭ്യം കാര്യമായി വർദ്ധിക്കുകയും അതിനെത്തുടർന്ന് പണ്ടുകാലത്തുണ്ടാ യിരുന്ന സ്വർണ്ണകള്ളക്കടത്ത് നമ്മുടെ സംസ്ഥാനത്ത് കൂടുതലായി ആരംഭിക്കുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്തെയാണ് ഏറ്റവും

കൂടുതൽ സ്വർണ്ണ കള്ളക്കടത്ത് നടത്തുന്ന മേഖലയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ഒരു കിലോഗ്രാം സ്വർണ്ണം കള്ളക്കടത്തിലൂടെ കൊണ്ടുവന്നാൽ 2.5 ലക്ഷം രൂപ മാർജ്ജിനായി ലഭിക്കും. എല്ലാ ചെലവും കഴിഞ്ഞ് ഒരു ലക്ഷം രൂപ റീട്ടെയിൽ ഏജന്റിന് കിട്ടുന്ന തരത്തിലാണ് കള്ളക്കടത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ എല്ലാ എയർപോർട്ടുകളിൽനിന്നും ധാരാളം സ്വർണ്ണ കള്ളക്കടത്ത് പിടിക്കുന്നുണ്ട്. പിടിച്ചതിനേക്കാൾ എത്രയോ ഇരട്ടിയാണ് വിൽക്കപ്പെടുന്നതെന്ന് നമുക്ക് ബോദ്ധ്യമാവുകയാണ്. കഴിഞ്ഞ വർഷം കേരളത്തിൽ മൊത്തമായി പിടിച്ചത് 200 കിലോഗ്രാം സ്വർണ്ണം മാത്രമാണ്. ഈ അടുത്ത കാലത്ത് നെടുമ്പാശ്ശേരിയിൽ ഒരു പോലീസിനെ അറസ്റ്റ് ചെയ്തപ്പോൾ അയാൾവഴി മാത്രം 1500 കിലോഗ്രാം സ്വർണ്ണം കേരളത്തിൽ മൊത്തമായി കള്ളക്കടത്ത് നടത്തി വിതരണം ചെയ്യപ്പെട്ടുവെന്ന് തെളിഞ്ഞിരിക്കുകയാണ്. പിടിക്കുന്നതിന്റെ അഞ്ചും പത്തും ഇരട്ടി സ്വർണ്ണം കേരളത്തിൽ കള്ളക്കടത്ത് നടത്തി കൊണ്ടുവരികയാണ്. നമുക്ക് കസ്റ്റംസും എമിഗ്രേഷനും സി.ഐ.എസ്.എഫ്.-ഉം ഇവർക്കെല്ലാം ഇന്റലിജൻസ് വിഭാഗവുമുണ്ട്. ഇത്രയും ഫലപ്രദമായ സംവിധാനങ്ങളാണുള്ളത്. കൊച്ചി എയർപോർട്ടിൽ, ഇന്ത്യയിലെ മറ്റൊരു എയർപോർട്ടിലും ഇല്ലാത്ത തരത്തിൽ സുരക്ഷാ സംവിധാനങ്ങളും ക്രമീകരണങ്ങളും ഉണ്ടായിട്ടും ഉദ്യോഗസ്ഥരുടെ സഹായത്തോടെയാണ് കള്ളക്കടത്ത് നടക്കുന്നത്. കാരണം, വലിയ അളവ് സ്വർണ്ണം ഏത് എയർപോർട്ട്

വഴി കേരളത്തിലേയ്ക്ക് കൊണ്ടുവരണമെങ്കിലും ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിലെ മുതിർന്ന ഒരു ഉദ്യോഗസ്ഥന്റെ സഹായം ആവശ്യമാണ്. അതില്ലാതെ സ്വർണ്ണം കള്ളക്കടത്ത് നടത്താൻ പറ്റില്ല. സാധാരണ കള്ളക്കടത്ത് നടത്തുന്നവർ റിസ്ക് എടുക്കുന്നത് ഒന്നോ രണ്ടോ കിലോഗ്രാം സ്വർണ്ണത്തിൽ മാത്രമാണ്. വലിയ അളവ് സ്വർണ്ണം കള്ളക്കടത്ത് നടത്തുമ്പോൾ പ്രധാനപ്പെട്ട ആളുകളുടെ പിന്തുണ ഇല്ലാതെ കഴിയാത്ത സ്ഥിതിയാണുള്ളത്. ഉദ്യോഗസ്ഥ തലത്തിൽത്തന്നെ ഇതിന് പിന്തുണ കൊടുക്കുന്ന വലിയ ഒരു റാക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. കള്ളക്കടത്ത് മറ്റൊരു സംസ്കാരത്തിന് കൂടി തുടക്കം കുറിക്കുകയണ്. സംസ്ഥാന ആഭ്യന്തരവകുപ്പ് സമഗ്രവും വിപുലവും ഫലപ്രദവുമായ അന്വേഷണം നടത്തി, സ്വർണ്ണ കള്ളക്കടത്ത് പൂർണ്ണമായും നിയന്ത്രിക്കുന്ന തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മുടെ സംസ്ഥാനത്ത് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ വഴി സ്വർണ്ണ കള്ളക്കടത്ത് വർദ്ധിച്ചുവരുന്നതായി സമീപകാലത്തെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്നതിൽ ഒന്നാമത് ഓയിലും രണ്ടാമത് സ്വർണ്ണവുമാണ്. പലപ്പോഴും യെല്ലോ മെറ്റലിനോടുള്ള ആളുകളുടെ ഭ്രമമാണ് ഇതിന് പ്രധാന ഘടകം എന്നുള്ളതാണ് വസ്തുത. അത് മറ്റൊരു വിഷയമായതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കള്ളക്കടത്ത് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന പ്രത്യേക

റാക്കറ്റുകൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. ട്രാവൽ ഏജൻസികൾ, എമിഗ്രേഷൻ-കസ്റ്റംസ്-എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ, എയർപോർട്ട് ജീവനക്കാർ തുടങ്ങിയവരുടെയെല്ലാം സഹായം ഇവർക്ക് ലഭിക്കുന്നുണ്ട്. അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ നിയന്ത്രണം ഇപ്പോൾ കേന്ദ്ര ഏജൻസികൾക്കാണ്. കേരളത്തിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് സ്വർണ്ണക്കടത്ത്, മനുഷ്യക്കടത്ത്, ഹവാല തുടങ്ങിയ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിന് പ്രത്യേക റാക്കറ്റുകൾ പ്രവർത്തിക്കുന്നു. 15-2-2012 മുതൽ തിരുവനന്തപുരം വിമാനത്താവളവും 19-3-2012 മുതൽ കരിപ്പൂർ വിമാനത്താവളവും 19-5-2012 മുതൽ നെടുമ്പാശ്ശേരി വിമാനത്താവളവും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് എമിഗ്രേഷൻ ഏറ്റെടുത്തു. വിമാനത്താവളങ്ങളുടെ സുരക്ഷ നേരത്തെ തന്നെ സി.ഐ.എസ്.എഫ്. ഏറ്റെടുത്തിട്ടുള്ളതാണ്. ഫലത്തിൽ സംസ്ഥാന പോലീസിന് വിമാനത്താവളങ്ങളിൽ കാര്യമായി ഇടപെടാനുള്ള സാഹചര്യം ഇപ്പോഴില്ല. അതിനാൽ അനധികൃത മുതലുകളുമായി യാത്രക്കാർ പിടിക്കപ്പെടുന്ന സംഭവങ്ങളുടെ യഥാർത്ഥ വസ്തുതകൾ എന്താണെന്നോ, അത്തരം കേസ്സുകളുടെ തുടർനടപടി വിവരങ്ങളോ സംസ്ഥാന പോലീസിന് ലഭിക്കുന്നതിന് വളരെയേറെ പരിമിതികളും പ്രയാസങ്ങളും നേരിട്ടുകൊണ്ടിരിക്കുകയാണ്. Conservation of Foreign Exchange and Prevention of Smuggling Activities Act -1974 (COFEPOSA) പ്രകാരം

കരുതൽ തടങ്കലിൽ വയ്ക്കുവാനാവശ്യമായ നടപടി സ്വീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുകയും അവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. COFEPOSA നിയമപ്രകാരം സംസ്ഥാനത്ത് ആകെ 11 പേരെ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. ഇതിൽ രണ്ടുപേർ പോലീസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ വിമാനത്താവളങ്ങളിൽ ജോലി ചെയ്തിരുന്നവരും ഒരാൾ ഇന്ത്യൻ എയർപോർട്ട് അതോറിറ്റി ഉദ്യോഗസ്ഥനും മൂന്ന് വനിതകളും ഉൾപ്പെടുന്നു. കേരളാ പോലീസിൽ നിന്ന് ലിസ്റ്റ് വാങ്ങി അതിൽനിന്ന് സെലക്ട് ചെയ്തശേഷം പെർമിഷൻ ചോദിക്കുക മാത്രമാണ് ചെയ്യുന്നത്. കോഴിക്കോട്, നെടുമ്പാശ്ശേരി വിമാനത്താവളങ്ങളിൽ വർദ്ധിച്ചുവരുന്ന സ്വർണ്ണ കള്ളക്കടത്ത്, വിമാനത്താവളങ്ങളിലെ പരിശോധനയുടെ അപര്യാപ്തതയിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. 2013 മുതൽ 2015 വരെയുള്ള കാലയളവിൽ, തിരുവനന്തപുരത്ത് 51.38 കിലോഗ്രാം സ്വർണ്ണവും 32 പേരും നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ 195.959 കിലോഗ്രാം സ്വർണ്ണവും 241 പേരും കരിപ്പൂർ വിമാനത്താവളത്തിൽ 299.985 കിലോഗ്രാം സ്വർണ്ണവും 159 പേരും പിടിയിലായിട്ടുണ്ട്. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് വളരെ ഗുരുതരമായ സ്വർണ്ണ കള്ളക്കടത്ത് സംസ്ഥാനത്ത് നടക്കുന്നുവെന്നുള്ളതാണ്. ആദ്യകാലങ്ങളിൽ പുരുഷന്മാർ മാത്രമായിരുന്നു സ്വർണ്ണക്കടത്തിൽ ഏർപ്പെട്ടിരുന്നതെങ്കിൽ ഇപ്പോൾ സ്ത്രീകൾകൂടി ഈ രംഗത്ത് കടന്നുവരുന്ന തായാണ് കണ്ടുവരുന്നത്. സ്ത്രീകളെ വിമാനത്താവളങ്ങളിൽ പരിശോധിക്കുന്ന അധികൃതർ കാര്യമായ ശ്രദ്ധ

കേന്ദ്രീകരിക്കുന്നില്ല എന്നതാണ് ഇത് വെളിവാക്കുന്നത്. എയർപോർട്ടുകൾ കേന്ദ്രീകരിച്ച് നടക്കുന്ന കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി തടയേണ്ടത് ഏറ്റവും ആവശ്യമാണ്. അതുപോലെതന്നെ കള്ളക്കടത്ത് സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ, സമാന സ്വഭാവമുള്ള കേസ്സുകളിലെ കള്ളക്കടത്ത് രീതികൾ എന്നിവ കസ്റ്റംസ്, റവന്യൂ, ഇന്റലിജൻസ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ പരസ്പരം കൈമാറുകയും വിമാനത്താവളങ്ങളിലും കാർഗോ കോംപ്ലക്സുകളിലും തീരപ്രദേശങ്ങളിലും മിന്നൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. വിമാനത്താവളങ്ങളിലെ കള്ളക്കടത്ത് തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിന് സംസ്ഥാന പോലീസിന് പരിമിതികളുണ്ട്. വിമാനത്താവളങ്ങളിൽനിന്ന് കള്ളക്കടത്ത് വഴി പുറത്തെത്തിക്കുന്ന സ്വർണ്ണം വിവിധ കേന്ദ്രങ്ങളിലെത്തിക്കുന്നവരെയും വിപണനം ചെയ്യുന്നവരെയും നിരീക്ഷിക്കുന്നതിനും അവരെ കണ്ടെത്തി നിയമനടപടികൾക്ക് വിധേയമാക്കുന്നതിനും പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളത്തിലെ മൂന്ന് എയർപോർട്ടുകളിലും പോലീസ് സംവിധാനം അനിവാര്യമാണെന്നാണ് അടുത്ത കാലത്ത് കരിപ്പൂരിലുണ്ടായ സംഭവം തെളിയിക്കുന്നത്. രണ്ട് കേന്ദ്ര ഏജൻസികളായ സി.ഐ.എസ്.എഫ്.-ഉം എയർപോർട്ട് അതോറിറ്റിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം മൂലമുണ്ടായ വെടിവയ്പ്പും മറ്റ് സംഭവങ്ങളും വിരൽചൂണ്ടുന്നത് കേരള പോലീസിന്റെ ഒരു യൂണിറ്റ് അവിടെ പ്രവർത്തിക്കണമെന്നുള്ളതിലേയ്ക്കാണ്.

ഭരണഘടനാപരമായി പോലീസിംഗ് സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതുകൊണ്ട് ഈ ചുമതല നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യം എയർപോർട്ടുകളിൽ സംസ്ഥാന പോലീസിന് നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏതായാലും, കള്ളക്കടത്തുമുഖേന വരുന്ന സ്വർണ്ണം വിവിധ കേന്ദ്രങ്ങളിൽ വിൽക്കുന്നത് തടയുന്നതിന് ശക്തമായ ഇന്റലിജൻസ് സംവിധാനത്തെ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഇക്കാര്യം നിരീക്ഷിച്ചുകൊണ്ടിരിക്കുക യാണ്. അതീവ ഗുരുതരമായിത്തന്നെ കേരളാ ഗവൺമെന്റും ആഭ്യന്തര വകുപ്പും ഈ കാര്യത്തെ കാണുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശനെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. (ശ്രീ. എസ്. ശർമ്മ)

## സിനിമാ കോപ്പി വ്യാജമായി ചോർത്തിയത് സംബന്ധിച്ച്

ശ്രീ. എസ്. ശർമ്മ: സർ, കലാസ്നേഹികളും കഠിനാധ്വാനികളുമായ ഒരുപറ്റം ചെറുപ്പക്കാർ ചേർന്ന് പൂർത്തീകരിച്ച 'പ്രേമം' എന്ന സിനിമ ചോർത്തിയെടുത്തുകൊണ്ട് നവമാധ്യമങ്ങളിൽ പ്രദർശിപ്പിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകണമെന്നതാണ് എന്റെ സബ്മിഷന്റെ പ്രധാന ഉള്ളടക്കം. പത്തുകോടി രൂപ ചെലവിൽ കുറച്ച് ചെറുപ്പക്കാർ വായ്പയെടുത്ത് ഒരു കൂട്ടായ സംരംഭത്തിലൂടെ യാഥാർത്ഥ്യമാക്കിയ ഒരു സിനിമയാണിത്. റിലീസ് ചെയ്ത് 10 മിനിട്ടിനുള്ളിൽ

പ്രസ്തുത സിനിമ ഇന്റർനെറ്റിൽ പ്രചരിപ്പിക്കുകയാണ ണ്ടായത്. രണ്ടാഴ്ചയ്ക്കുള്ളിൽ ഒന്നരലക്ഷത്തോളം പേരാണ് ഈ സിനിമ ഡൗൺലോഡ് ചെയ്തത്. പ്രദർശന വിജയം നേടിയ ഈ സിനിമയെ തുണ്ടംതുണ്ടമായി വാട്ട്സ്ആപ്പിൽ പ്രചരിപ്പിക്കുകയുണ്ടായി. ദൃശ്യകലാ ലോകത്തേയ്ക്ക് കാലെടുത്തുവയ്ക്കുന്ന പുതിയ നാമ്പുകളെ തുടക്കത്തിലെതന്നെ തല്ലിത്തകർക്കുകയും ചവിട്ടി അരയ്ക്കുകയും ചെയ്യുന്ന നികൃഷ്ടവും നീചവുമായ പ്രവർത്തിയാണിത്. ഇവരുടെ കഠിനാധ്വാനത്തെ തകർത്തെറിയുകയാണ് ചെയ്തത്. ആസ്വാദകർ തിയേറ്ററിൽ പോയി കാണേണ്ട സിനിമ ഇന്റർനെറ്റിൽ അപ്‌ലോഡ് ചെയ്തതുവഴി നഷ്ടമുണ്ടായിരിക്കുന്നത് നിർമ്മാതാവിന് മാത്രമല്ല, തിയേറ്റർ ഉടമകൾ, വിതരണക്കാർ, ജീവനക്കാർ തുടങ്ങി സർക്കാരിന് ലഭിക്കേണ്ടതായ റവന്യൂ വരുമാനവും ഇവിടെ കൊള്ളയടിക്കപ്പെടുകയാണ്. ഈ വാർത്ത വന്നതിനെത്തുടർന്ന് ഒരു പത്രം റിപ്പോർട്ട് ചെയ്യുകയുണ്ടായി, കോട്ടയം ജില്ലയിലെ തലയോലപറമ്പ് ഗ്രാമപഞ്ചായത്തിൽ ഈ സിനിമ പ്രദർശിപ്പിച്ചപ്പോൾ 15 ലക്ഷം രൂപയാണ് നികുതിയിനത്തിൽ വരുമാനമായി ആ പഞ്ചായത്തിന് ലഭിച്ചത്. മാധ്യമങ്ങൾ അത് വ്യക്തമാക്കുകയും ചെയ്തു. സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും യഥാർത്ഥത്തിൽ ലഭിക്കേണ്ട ഭീമമായ വരുമാനത്തിന്റെ തോതും ഇവിടെ തകർത്തെറിയുകയാണ് ചെയ്തത്. ഈ സിനിമയുടെ സംവിധായകനായ അൽഫോൺസ് പുത്രൻ, നിർമ്മാതാവ് അൻവർ റഷീദ്, നായകൻ നിവിൻ പോളി

തുടങ്ങിയ യുവപ്രതിഭകൾ നാളെയുടെ പ്രതീക്ഷയാണ്. സിനിമയിലേയ്ക്ക് കാലെടുത്ത് വയ്ക്കുന്നതിനുമുമ്പുതന്നെ അവരെ ചവിട്ടികൊല്ലുകയാണ്. ഇതിനുപിന്നിൽ കോർപ്പറേറ്റ് മനോഭാവമുള്ള ചില ശക്തികൾ ആണെന്ന ധാരണ ബഹുജനങ്ങൾക്കിടയിൽ ശക്തമായി ഉയർന്നുവന്നിട്ടുണ്ട്. വളരെ ആസൂത്രിതവും നിയമവിരുദ്ധവുമായ മാർഗ്ഗങ്ങൾ സ്വീകരിച്ചാണ് ഈ സിനിമ ചോർത്തിയിരിക്കുന്നതെന്ന് വ്യക്തമാണ്. സിനിമാ വ്യവസായ രംഗത്ത് അസൂയാവഹമായ മുന്നേറ്റം നടത്തുവാൻ ഈ കൂട്ടായ പരിശ്രമത്തിലൂടെ പ്രതിഭാധനരായ ചെറുപ്പക്കാർ നടത്തിയ പ്രവർത്തനത്തിന്റെ മുന്നണിയിലും പിന്നണിയിലും പ്രവർത്തിച്ചവർ ഒരുകൂട്ടം ചെറുപ്പക്കാരാണ്. സ്വാഭാവികമായും ഈ രംഗത്തെ വളർച്ചയിൽ അസഹിഷ്ണുത ഉണ്ടാക്കാവുന്ന ചില ആക്ഷേപങ്ങളും ശക്തമാണ്. കോർപ്പറേറ്റ് മനോഭാവം ശക്തിപ്പെടുന്നതും പുതിയതായി വളരാൻ ആരെയും അനുവദിക്കുകയില്ല എന്ന സാഡിസ്റ്റ് നിലപാടിൽ ചിന്തിക്കുന്നവരുമായ ഒരുകൂട്ടം ആളുകൾ ഇതിന്റെ പിന്നിലുണ്ടെന്ന് ആരോപിക്കപ്പെടുന്നു. അന്വേഷണ ഏജൻസികളാകട്ടെ സിനിമയുടെ സെൻസറിംഗ്, എഡിറ്റിംഗ് പ്രവർത്തികൾ നിർവ്വഹിച്ച കേന്ദ്രങ്ങൾ പരിശോധിച്ച് തെളിവുകൾ ശേഖരിക്കുന്നതിനോ തൊണ്ടി മുതലുകൾ കസ്റ്റഡിയിലെടുക്കുന്നതിനോ തയ്യാറായിട്ടില്ല എന്ന വിമർശനം മാധ്യമങ്ങളിലൂടെ വന്നകാര്യം ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണും. സെൻസറിംഗിനായി നൽകിയ കോപ്പിയിൽ ടൈം കോഡ് ഇതുവരെ പരിശോധിക്കപ്പെട്ടിട്ടില്ല. അത് പരിശോധിക്കണം. അന്വേഷണം

ശരിയായ ദിശയിലായിരിക്കണമെന്ന് ഉറപ്പുവരുത്തണം. മൂന്ന് ചെറിയ കുട്ടികളിലേയ്ക്ക് ഇതിന്റെ അന്വേഷണം ഒതുങ്ങുന്നതിന്റെ ഫലമായി ഇതിന്റെ ഉറവിടവും ഇതിന് ഗൂഢാലോചന നടത്തിയ ശക്തികളും ഒരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കരുതെന്ന് ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. തമിഴ് നടൻ വിജയ് അഭിനയിച്ച 'പുലി' എന്ന സിനിമയുടെ ട്രെയിലർ ഇറങ്ങി ഏതാനും ദിവസത്തിനിടയിൽ തിരുവനന്തപുരത്ത് ചോർന്നു. അങ്ങനെ ചോർന്നപ്പോൾ തമിഴ്നാട്ടിൽനിന്ന് പോലീസ് പിറ്റേ ദിവസം ഇവിടെ വന്ന് അതിന്റെ ടൈം കോഡ് നോക്കി ഉറവിടം കണ്ടെത്തി പ്രതികളെ അറസ്റ്റ് ചെയ്ത് തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോയി. ഇപ്പോൾ 23 ദിവസം പിന്നിട്ടിരിക്കുകയാണ്. ആ 23 ദിവസം പിന്നിട്ടിട്ടും ഇതിന്റെ യഥാർത്ഥ ഉറവിടം കണ്ടെത്തുന്നതിന് കഴിയാത്ത വിധം എത്തിച്ചേർന്നിരിക്കുന്നത് സിനിമാ ലോകത്ത് ഒരു ഉത്കണ്ഠ ശക്തിപ്പെടുത്തുകയാണ്. നാളെ ഫിലിം എക്സിബിറ്റേഴ്സ് അസോസിയേഷൻ കേരളത്തിൽ തിയേറ്ററുകൾ അടച്ചിട്ട് സൂചനാ സമരം നടത്തി പ്രതിഷേധിക്കുകയാണ്. സിനിമാ ലോകത്തേയ്ക്ക് കടന്നുവരുന്ന പുതിയ തലമുറയെ തകർത്തെറിയുന്ന പ്രവണതകൾക്കുപിന്നിൽ പ്രവർത്തിക്കുന്ന ശക്തികൾ ആരാണെങ്കിലും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും കർശനമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനും ആഭ്യന്തരവകുപ്പ് പ്രത്യേകം മുൻകയ്യെടുക്കണമെന്നും ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഇത്തരം

സാങ്കേതിക വിദ്യകൾകൂടി അറിയുന്ന സബ്ജക്ട് എക്സ്പേർട്ടുകളെ കൂടി ചേർത്തുകൊണ്ട് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് എത്രയും വേഗം കുറ്റക്കാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 'പ്രേമം' എന്ന മലയാള സിനിമ മാത്രമല്ല സംസ്ഥാനത്തിറങ്ങുന്ന പല സിനിമകളും ഇതുപോലെ നിർമ്മാതാവിന്റെ അനുവാദമില്ലാതെ ഇന്റർനെറ്റിലൂടെ പ്രചരിക്കുന്നുവെന്നുള്ള പരാതികൾ ലഭിക്കാറുണ്ട്. 'പ്രേമം' എന്ന മലയാള സിനിമയുടെ പകർപ്പുകൾ ഇന്റർനെറ്റിലൂടെ പ്രചരിക്കുന്നതായി സിനിമയുടെ നിർമ്മാതാവ് ശ്രീ. അൻവർ റഷീദ് 24-06-2015-ൽ ഇ-മെയിൽ മുഖാന്തിരം നൽകിയ പരാതി സംബന്ധിച്ച് ആന്റി പൈറസി സെൽ ഡിവൈ.എസ്.പി. നടത്തിയ പ്രാഥമികമായ അന്വേഷണത്തിൽ സിനിമയുടെ കോപ്പികൾ പകർപ്പാവകാശം ലംഘിച്ച് ഇന്റർനെറ്റിലൂടെയും സോഷ്യൽ മീഡിയകളിലൂടെയും പ്രചരിപ്പിച്ചു വരുന്നതായി ബോദ്ധ്യപ്പെട്ടു. സിനിമ സംഘടനകളുടെ ഭാരവാഹിയായ ശ്രീ. ബി. ഉണ്ണികൃഷ്ണനും എന്നെ നേരിൽ കണ്ട് അദ്ദേഹം എഴുതിത്തയ്യാറാക്കിയ പരാതി എനിക്ക് നൽകുകയുണ്ടായി. നല്ല മലയാളം സിനിമകളുടെ കോപ്പികൾ എടുത്ത് അനധികൃതമായി ഇ-മെയിൽ മുഖേനയോ സോഷ്യൽ മീഡിയയിലൂടെയോ പ്രചരിപ്പിച്ചുകൊണ്ടുവരുന്ന സംഭവം വളരെ ഗൗരവത്തോടെതന്നെയാണ് ഗവൺമെന്റ് എടുക്കുന്നത്. ആന്റി പൈറസി സെൽ ഡിവൈ.എസ്.പി.യുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ കോപ്പിറൈറ്റ് ആക്ടിലെ 51, 63 എന്നീ വകുപ്പുകളും ഐ.റ്റി. ആക്ടിലെ 43, 66 എന്നീ വകുപ്പുകളും പ്രകാരം ക്രൈംബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സിൽ ക്രൈം നമ്പർ 64/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് വിശദമായ അന്വേഷണത്തിനായി ആന്റി പൈറസി സെൽ ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തുകയുണ്ടായി. കേസിന്റെ അന്വേഷണ വുമായി ബന്ധപ്പെട്ട് വിവിധ വ്യക്തികളെ കണ്ട് ചോദിക്കുകയും സംശയിക്കപ്പെടുന്ന വെബ്സൈറ്റുകൾ പരിശോധിച്ച് തെളിവുകൾ ശേഖരിക്കുകയും ചെയ്തു. പരാതിയിൽ സിനിമ എഡിറ്റ് ചെയ്തതായി ആരോപിക്കപ്പെടുന്ന വിസ്മയാ സ്റ്റുഡിയോയിലെത്തി ലോഗ് ഡീറ്റെയിൽസ് ശേഖരിക്കുകയും തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സെൻസർ ബോർഡ് ഓഫീസിലും തിയേറ്ററിലുമെത്തി റിക്കോർഡുകൾ പരിശോധിക്കുകയും ഇന്റർനെറ്റിൽ പ്രചരിച്ചിട്ടുള്ള പൈറേറ്റഡ് കോപ്പിയും ഈ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിട്ടുള്ള കോപ്പികളും പ്ലേ ചെയ്ത് താരതമ്യ പഠനം നടത്തുകയും ചെയ്തു. കമ്പ്യൂട്ടറുകളിൽനിന്ന് ശേഖരിച്ച ലോഗ് ഡീറ്റെയിൽസും മറ്റ് ശാസ്ത്രീയ പരിശോധനകളും നടത്തുന്നതിനായി ബന്ധപ്പെട്ട വിദഗ്ദ്ധ ഏജൻസികൾക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. പൈറസി സൈറ്റിന്റെ ശാസ്ത്രീയമായ അവലോകനത്തിൽ ലഭ്യമായ വെബ്സൈറ്റ് ഡീറ്റെയിൽസിന്റെ അടിസ്ഥാനത്തിൽ 'പ്രേമം' സിനിമ അപ്‌ലോഡ് ചെയ്ത ആദ്യ അപ്‌ലോഡർ കൊല്ലം പേരൂർ സ്വദേശി സഞ്ജു രാജേഷ് എന്ന 16 വയസ്സുകാരനെയും അയാൾക്ക് സിനിമ പെൻഡ്രൈവിൽ

നൽകിയ അയൽവാസിയായ ഹേമന്ദ് കൃഷ്ണൻ എന്ന 17 വയസ്സുകാരനെയും ഹേമന്ദ് കൃഷ്ണന് സിനിമ പെൻഡ്രൈവിൽ കൈമാറിയ പേരൂർ സ്വദേശി സാദിഖ് എന്ന 19 വയസ്സുകാരനെയും കണ്ടെത്തുകയും ഈ യുവാക്കളുടെ രക്ഷകർത്താക്കളെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി 07-07-2015-ൽ അറസ്റ്റ് ചെയ്യുകയുമുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചില കോർപ്പറേറ്റുകളും അതോടൊപ്പം അനധികൃതമായി ഈ വ്യവസായം നടത്തുന്ന ആളുകളും ഇതിന്റെ പിന്നിലുണ്ടോ എന്നുള്ളതും ഞങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുന്ന കാര്യംതന്നെയാണ്. ഇവിടെ കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിലാണ് അറസ്റ്റ് നടന്നിട്ടുള്ളത്. മൂന്നാം പ്രതിയെ ജെ.എഫ്.എം.സി. III കോടതിയിൽ റിമാൻഡ് അപേക്ഷ സഹിതം ഹാജരാക്കുകയും ബഹുമാനപ്പെട്ട കോടതി സാദിഖിനെ 21.07.2015 വരെ റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. ഇതിൽ നമ്മൾ കാണേണ്ട ഒരു കാര്യം, കോടിക്കണക്കിന് രൂപ മുടക്കി സിനിമ പിടിക്കുന്നവർക്ക് ആ സിനിമ ഒരു ദിവസംപോലും ഓടുന്നതിനുമുമ്പ് സോഷ്യൽ നെറ്റ്‌വർക്കിലൂടെയും മറ്റുമൊക്കെ പ്രചരിച്ച് അവർക്ക് കിട്ടേണ്ട സാമ്പത്തിക നേട്ടം അല്ലെങ്കിൽ നഷ്ടമില്ലാതെയെങ്കിലും സിനിമ നടത്താനുള്ള അവസരം ഇല്ലാതാക്കുന്ന പ്രവണത ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കൂടുതൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ആന്റി പൈറസി സെൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇത് ആദ്യത്തെ സംഭവമല്ല. നിരവധി

സിനിമകൾക്ക് പൈറസി ഉണ്ടാകുന്നുവെന്ന പരാതികൾ നിരന്തരം ലഭിച്ചുകൊണ്ടിരിക്കുകയാണ്. അതുമാത്രമല്ല, 'പ്രേമം' സിനിമയെക്കുറിച്ചുള്ള അന്വേഷണം കൂടുതൽ ജാഗ്രതയോടുകൂടിത്തന്നെ മുന്നോട്ടുകൊണ്ടുപോകും. ഇതിന്റെ യഥാർത്ഥ കുറ്റവാളികൾ കൂടുതലുണ്ടെങ്കിൽ അവരെ കണ്ടെത്താനുള്ള ശ്രമം നടത്തും. ആന്റി പൈറസി സെല്ലിലേയ്ക്ക് ശ്രീ. പ്രദീഷ് കുമാർ എന്ന പുതിയ ഐ.പി.എസ്. ഉദ്യോഗസ്ഥനെ അതിന്റെ എസ്.പി.യായി ഇന്നലെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല, വിദഗ്ദ്ധരായിട്ടുള്ള ആളുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇതിനെ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്.

## അരൂരിൽ ഫയർസ്റ്റേഷനും പോലീസ് സ്റ്റേഷനും സ്ഥാപിക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, അരൂർ മണ്ഡലത്തിലെ അരൂർ പഞ്ചായത്തിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിരന്തരം തീപിടുത്തവും അമോണിയ ലീക്കും മറ്റ് അപകടങ്ങളും നിമിത്തം അനേകം ജീവൻ പൊലിഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ അപകടമുണ്ടാകുന്ന സന്ദർഭങ്ങളിൽ ചേർത്തലയിൽനിന്നും എറണാകുളത്തുനിന്നുമാണ് ഫയർ എഞ്ചിനുകൾ വരുന്നത്. അവർ വരുമ്പോഴേയ്ക്കും അപകടത്തിന്റെ കാഠിന്യം വളരെ കടുത്തതായിതീർന്നിരിക്കും. അതുകാരണം ഒരുപാട് ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. ഇതു പരിഗണിച്ച് അവിടെ ഫയർസ്റ്റേഷൻ അനുവദിക്കണമെന്ന

പരിഗണനാലിസ്റ്റിൽ കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും അത്തരിനെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സ്ഥലം ലഭ്യമാകാതിരുന്നതുകൊണ്ട് അത് നിർമ്മിക്കാനോ പ്രവർത്തിപ്പിക്കാനോ കഴിഞ്ഞിരുന്നില്ല. എന്നാൽ ഈ അടുത്തകാലത്ത് വരുണ പെയിന്റ്സ് എന്ന സ്ഥാപനത്തിലുണ്ടായ തീപിടുത്തത്തിൽ വലിയ നാശനഷ്ടങ്ങളുണ്ടാവുകയും അതിനിടയിൽപ്പെട്ട് ചില ആളുകളുടെ ജീവൻ പൊലിയുകയും ചെയ്തപ്പോഴാണ് കളക്ടേറ്റിൽ യോഗം വിളിക്കുകയും എം.പി.യും എം.എൽ.എ.യും അതുപോലെ മറ്റ് ഉദ്യോഗസ്ഥരും ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ സംഘടനകളും റസിഡൻസ് അസോസിയേഷൻ ഭാരവാഹികളും എല്ലാംകൂടി യോഗം ചേർന്ന് അടിയന്തരമായി അവിടെ ഫയർ സ്റ്റേഷൻ വേണമെന്ന ആവശ്യമുയർത്തുകയും അവിടെ സ്ഥലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ കളക്ടറെ ചുമതലപ്പെടുത്തുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയുമൊക്കെ ചെയ്തത്. അവിടത്തെ പോലീസ് സ്റ്റേഷൻ കാലപ്പഴക്കത്താൽ പൊളിച്ചുമാറ്റേണ്ട സ്ഥിതി വന്നതിനാൽ അത് ഒരു വാടകക്കെട്ടിടത്തിലേയ്ക്ക് മാറ്റുകയുണ്ടായി. ആ പോലീസ് സ്റ്റേഷൻ നിന്ന സ്ഥലം ഇൻഡസ്ട്രിയൽ വകുപ്പിന്റേതാണ്. അതുകൊണ്ടുതന്നെ ആ സ്ഥലം ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുവദിക്കുന്നതിനുവേണ്ടി 16.04.2015-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ഞാനും ആഭ്യന്തര-റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിമാരും, ഫയർ കമാൻഡന്റ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും

എല്ലാവരുംകൂടി പങ്കെടുത്ത് അവിടെ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ അടുത്ത ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്ത് ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് പ്രഖ്യാപിച്ചപ്പോൾ അതിൽ അരൂർ ഉണ്ടായിരുന്നില്ല. അതേത്തുടർന്ന് അവിടെയുള്ള നിവാസികൾ, പ്രത്യേകിച്ച് അപകടത്തിൽ ഭയവിഹ്വലരായിട്ടുള്ള ആളുകൾ വലിയ പ്രതിഷേധത്തിലായി. അതുകൊണ്ട് എത്രയുംവേഗം അവിടെ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അസോസിയേഷൻ തയ്യാറാവുകയും നിർമ്മാണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ ആ കെട്ടിടം പൂർത്തിയായാലും അവിടെ ഫയർ സ്റ്റേഷൻ അനുവദിച്ച് അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ അവിടെ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഫയർ സ്റ്റേഷൻ അനുവദിച്ച് ഇവിടത്തെ നടപടികൾ പൂർത്തിയാകുമ്പോൾ അവിടെ കെട്ടിടവും പൂർത്തിയാകും. അതുകൊണ്ട് എത്രയുംവേഗം അത് അനുവദിച്ചുതരണം. അതോടൊപ്പംതന്നെ പഞ്ചായത്ത് പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിച്ച് ഓർഡറായിട്ടുണ്ട്. 2007 മുതൽ 2010 വരെയുള്ള ബഡ്ജറ്റിൽ പോലീസ്സ്റ്റേഷനുവേണ്ടി വിഹിതമുണ്ടായിരുന്നു. അന്ന് സ്ഥലമില്ലാത്തതുകൊണ്ടാണ് പണിയാതിരുന്നത്. പോലീസ്സ്റ്റേഷനുവേണ്ടിയുള്ള എസ്റ്റിമേറ്റും മറ്റ് കാര്യങ്ങളുമെല്ലാം ഡിപ്പാർട്ടുമെന്റിലുണ്ട്. അതിനുള്ള അനുവാദംകൂടി തരണം. ഫയർ സ്റ്റേഷൻ എത്രയുംവേഗം അനുവദിക്കണം. അതോടൊപ്പംതന്നെ ഇപ്പോൾ ലഭ്യമായിട്ടുള്ള

സ്ഥലത്ത് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള തുകയും അനുവദിച്ച് ഉത്തരവാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. എം. ആരിഫ് നിരവധി തവണ ഇത് എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതുപോലെ ആലപ്പുഴ എം.പി. ശ്രീ. കെ. സി. വേണുഗോപാലും ഇതുസംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്. ശ്രീ. എ. എം. ആരിഫിന്റെ അഭ്യർത്ഥന കണക്കിലെടുത്തുകൊണ്ടാണ് വ്യവസായ വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും വ്യവസായ വകുപ്പ് സെക്രട്ടറിയും ആഭ്യന്തര വകുപ്പ് സെക്രട്ടറിയും ചേർന്ന് 17.03.2015 -ൽ ഒരു യോഗം വിളിച്ചുകൂട്ടിയത്. പ്രസ്തുത യോഗത്തിൽ അരൂർ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുള്ളതിനാൽ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഇപ്പോൾ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാമെന്ന തീരുമാനം കൈക്കൊണ്ടു. പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയുണ്ടായി. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം ആരംഭിച്ചാൽ മാത്രമേ അരൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുവാനുള്ള കെട്ടിടം ലഭ്യമാകുകയുള്ളൂ. ആ കെട്ടിടം വളരെ പഴയതാണ്, അത് ലേലം ചെയ്യാനുള്ള നടപടി ആയിട്ടുണ്ട്, അവിടെ ഇൻഡസ്ട്രിയൽ

അസോസിയേഷൻ ഉൾപ്പെടെയുള്ളവർച്ചേർന്ന് പുതിയ കെട്ടിടം പണിയുമെന്ന് ശ്രീ. എ. എം. ആരിഫ് ഇപ്പോൾ എന്നോട് പറഞ്ഞു. തീർച്ചയായും കെട്ടിടം പണിയുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കും. ശ്രീ. എസ്. ശർമ്മ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ വേണമെന്ന് ആവശ്യപ്പെട്ടു. അതിനുള്ള സൗകര്യങ്ങളൊക്കെ ഒരുക്കി, അവിടെ ഫയർ സ്റ്റേഷൻ അനുവദിച്ചു. അതുപോലെതന്നെ പത്തുപന്ത്രണ്ടോളം സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ അനുവദിച്ചത് അവിടെയൊക്കെ കെട്ടിടങ്ങളും സൗകര്യങ്ങളും ഉറപ്പാക്കിയതിനുശേഷമാണ്. അരൂർ മണ്ഡലത്തിൽ ഈ കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് തീർച്ചയായും ഫയർ സ്റ്റേഷൻ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഒരു സമരത്തിന്റെയും ആവശ്യമില്ല. ഇത് ഗവൺമെന്റിന്റെ പ്രയോരിറ്റി ലിസ്റ്റിലുള്ളതാണ്. അത് അനുവദിക്കും. അതിന് ആവശ്യമായ കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് അരൂരിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതാണ്.

## നഷ്ടപരിഹാരം

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, കഴിഞ്ഞ ജൂൺ 29-ന് മധ്യകേരളത്തിൽ പ്രത്യേകിച്ചും മൂവാറ്റുപുഴ ഭാഗത്തുണ്ടായ അതിഭയങ്കരമായ കാറ്റും മഴയുംമൂലം വലിയ നാശനഷ്ടങ്ങളാണുണ്ടായത്. മൂവാറ്റുപുഴ നഗരത്തിന്റെ ഹൃദയഭാഗത്ത് വെള്ളൂർകുന്നം കോർമല അല്ലെങ്കിൽ എൻ.എസ്.എസ്. കുന്ന് എന്നറിയപ്പെടുന്ന ആ മലയുടെ ഏതാണ്ട് 200 മീറ്റർ നീളം ഒന്നാകെ ഇടിഞ്ഞതിനെത്തുടർന്ന് എം.സി. റോഡ്

സൈഡിലുണ്ടായിരുന്ന ഒരു മൂന്നുനില കെട്ടിടം അപ്പാടെ തകർന്നുപോവുകയും ഒരു വീടിന്റെ മുകളിലേയ്ക്ക് മണ്ണുവീഴുകയും ഭാഗ്യവശാൽ ആളുകൾ അത്ഭുതകരമായി രക്ഷപ്പെടുകയുമാണുണ്ടായത്. വെളുപ്പിന് അഞ്ചു മണിക്കാണ് ഈ ദുരന്തമുണ്ടായത്. പകലായിരുന്നുവെങ്കിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത വൻദുരന്തവും ആളപായവുമുണ്ടാകുമായിരുന്നു. നാൽപ്പതോളം തെങ്ങുകൾ ഉൾപ്പടെയുള്ള മരങ്ങൾ കടപുഴകി മറിഞ്ഞിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ പത്തരലക്ഷം ലിറ്റർ വെള്ളം ശേഖരിക്കുന്ന വാട്ടർ ടാങ്കിനോട് ചേർന്നാണ് മലയിടിച്ചിൽ ഉണ്ടായിരിക്കുന്നത്. മൂവാറ്റുപ്പുഴ മുൻസിപ്പാലിറ്റിയിലും പായിപ്പറ പഞ്ചായത്തിന്റെ ഒരു ഭാഗത്തും ജലവിതരണത്തിനുള്ള ഈ വാട്ടർ ടാങ്ക് ഒരു വാട്ടർ ബോംബായി ഭീതി വിതച്ച് നിൽക്കുകയാണ്. അതുകൊണ്ട് Mining and Geology Department നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെള്ളം ശേഖരിച്ചുവയ്ക്കുന്നത് നിർത്തി വച്ചിരിക്കുകയാണ്. വെള്ളം പമ്പ് ചെയ്ത് കയറ്റിയിറക്കി വിടുകയാണ് തൽക്കാലത്തേയ്ക്ക് ചെയ്തുകൊണ്ടിരിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഐ.ബി.യിലേയ്ക്കുള്ള റോഡിനോടുചേർന്ന് മണ്ണിടിച്ചിൽ ഉണ്ടാവുകയും റോഡിന് വിള്ളൽ വീഴുകയും ചെയ്തതിനാൽ റോഡ് ഗതാഗതവും ഇപ്പോൾ നിരോധിച്ചിരിക്കുകയാണ്. വലിയ ഒരു ദുരന്തമുണ്ടാകുന്ന വിധത്തിലാണ് ഇപ്പോൾ ആ കുന്നിന്റെ അവസ്ഥ. സർക്കാർ അടിയന്തരമായി ഇടപെട്ട് ഇതിനൊരു പരിഹാരം ഉണ്ടാക്കണം. വലിയ ഭിത്തികെട്ടി ബലപ്പെടുത്തിയില്ലായെങ്കിൽ വാട്ടർ ടാങ്ക്

ഉൾപ്പെടെയുള്ളവ തകർന്നുവീഴുന്ന അവസ്ഥയിലാണ്. ഇതിനായി പ്രത്യേക പണം അനുവദിക്കാനുള്ള അടിയന്തര നടപടികൾ ഉണ്ടാകണം. തകർന്ന മൂന്നുനില വ്യാപാരസ്ഥാപനങ്ങളിൽ നിരവധി കടകൾ പ്രവർത്തിച്ചിരുന്നു. അവരുടെ വസ്തുവകകൾ മുഴുവൻ നശിച്ചു. അവർക്കും നഷ്ടപരിഹാരം നൽകാനുള്ള നടപടി ഉണ്ടാകണം എന്നാണ് എന്റെ അഭ്യർത്ഥന. ഇപ്പോൾ നിലവിൽ ഈ disaster management-ലും മറ്റൊരു വ്യവസ്ഥയിലും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ വസ്തുവകകൾക്കോ വ്യാപാരസ്ഥാപനങ്ങൾക്കോ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള ഒരു വ്യവസ്ഥയുമില്ല. അതുകൊണ്ട് അതുകൂടി ഉണ്ടാക്കാനുള്ള പരിഗണന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, മൂവാറ്റുപുഴ താലൂക്കിലെ വെള്ളൂർക്കുന്നം ജംഗ്ഷനിൽ എം.സി. റോഡിനരികെയുള്ള വസ്തു, ചരിഞ്ഞുകിടന്ന സ്ഥലത്തെ മണ്ണ് നീക്കം ചെയ്ത് അവിടെയുള്ള ചെറിയ പാറകൾ പൊട്ടിച്ച് ബഹുനില വാണിജ്യ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതാണ്. ഇപ്രകാരം മണ്ണെടുത്തതുകാരണം മണ്ണ് എടുത്തുമാറ്റിയ സ്ഥലത്തിന്റെ കിഴക്കുവശത്തുള്ള ഭൂമി അഞ്ചു മീറ്റർ മുതൽ പതിനഞ്ചു മീറ്റർ വരെ ഉയരത്തിലാണ്. പ്രസ്തുത സ്ഥലത്തു നിന്നും മണ്ണ് എടുത്തത് നിയമാനുസൃത ഉത്തരവുകൾ പ്രകാരമാണ്. അങ്ങനെ

മണ്ണിടിച്ചുമാറ്റിയതിനാലാണ് ശക്തമായ മഴയത്ത് മണ്ണിടിഞ്ഞുവീണ് നാശനഷ്ടങ്ങൾ ഉണ്ടായത്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവയ്ക്കാൻ ആർ.ഡി.ഒ. നിർദ്ദേശം നൽകിയിട്ടുണ്ട്. മണ്ണ് വീണ്ടും ഇടിയാൻ സാധ്യതയുള്ളതിനൽ വാട്ടർ ടാങ്കിലേക്ക് പമ്പുചെയ്യുന്ന വെള്ളം ഉടൻതന്നെ വിതരണത്തിനായി വിടുന്നുണ്ട്. കൂടാതെ വാട്ടർ ടാങ്കിലേക്കുള്ള റോഡ് ഗതാഗതം പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വാട്ടർടാങ്കും അനുബന്ധ റോഡും കുന്നും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പരിശോധിക്കുന്നകാര്യം ആലോചിക്കുന്നതാണ്. നിലവിൽ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത് സർക്കാർ ഉത്തരവ് നമ്പർ 194/2015/DMD തീയതി 20-5-2015 അനുസരിച്ചുള്ള മാനദണ്ഡ പ്രകാരമാണ്. സംരക്ഷണ ഭിത്തികെട്ടുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി പ്രകാരം നിലവിൽ വ്യവസ്ഥയില്ല. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാനദണ്ഡമനുസരിച്ച് ഫണ്ട് അനുവദിക്കാൻ കഴിയുമോ എന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. കാലവർഷക്കെടുതിമൂലമുള്ള കൃഷിനാശം, മറ്റ് നാശനഷ്ടങ്ങൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരം മാനദണ്ഡ പ്രകാരം ജില്ലാ കളക്ടർക്കുതന്നെ നിലവിലുള്ള വിതരണം ചെയ്യാവുന്നതാണ്.

## വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ വികസനം

ശ്രീ. ബെന്നി ബെഹനാൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഏക മൊബിലിറ്റി ഹബ്ബാണ് വൈറ്റിലയിലുള്ളത്. 2011-ൽ തുടങ്ങിയതാണ്. 25 ഏക്കർ സ്ഥലമെടുത്തു, അതിനുശേഷം വേ ഇൻ-ഉം വേ ഔട്ട്-നുമായി ഒന്നേകാൽ ഏക്കർ സ്ഥലവും അക്വയർ ചെയ്ത് അത്രയും സ്ഥലത്താണ് മൊബിലിറ്റി ഹബ്ബ് തുടങ്ങിയത്. അന്ന് 15 കോടി രൂപയാണ് മുതൽ മുടക്കിയത്. ഇപ്പോൾ എല്ലാ ബസുകളും അവിടെ നിന്നാണ് ടെർമിനേറ്റ് ചെയ്യുന്നത്. അന്ന് മെട്രോയുടെ അലൈൻമെന്റ് ഇതുവഴിയല്ല ഉണ്ടായിരുന്നത്. ഇപ്പോൾ മെട്രോയുടെ സ്റ്റേഷൻ വരുന്നത് മൊബിലിറ്റി ഹബ്ബിനുള്ളിലാണ്. മൊബിലിറ്റി ഹബ്ബിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് 433 കോടി രൂപയുടെ ഒരു പ്ലാനുണ്ടാക്കി ഗവൺമെന്റിന് നൽകിയിരുന്നു. ഗവൺമെന്റ് ഗ്യാരന്റി നിൽക്കാൻ വിസ്സമ്മതിച്ചുകൊണ്ട് ആ പ്ലാൻ അംഗീകരിച്ചില്ല. അതിനുശേഷം പ്ലാനിംഗ് ബോർഡിൽ പോയി, ഗവൺമെന്റും പ്ലാനിംഗ് ബോർഡും പറഞ്ഞത് വലിയ പദ്ധതിയായതുകൊണ്ട് കട്ട് ഷോട്ട് ചെയ്ത് പി.പി.പി. അടിസ്ഥാനത്തിൽ ഇതിന്റെ നിർമ്മാണം നടത്തണമെന്നാണ്. എമർജിംഗ് കേരളയിലും ഈ പദ്ധതിയുമായി പോയെങ്കിലും വേണ്ടത്ര പ്രതികരണം കിട്ടിയില്ല. ഇപ്പോഴുള്ള രണ്ട് സജഷനിൽ ഒന്ന്, ഡിസൈൻ ചെയ്ത് പി.പി.പി. മോഡലിലാക്കുക എന്നതും രണ്ടാമത്തേത് ഡിസൈനുൾപ്പെടെ ടെൻഡർ ചെയ്യുക, സ്ഥലവും മറ്റ്

റിക്വയർമെന്റ്സും മൊബിലിറ്റി ഹബ്ബിന് കൊടുക്കുകയെന്നുള്ളതുമാണ്. ഈ രണ്ട് സജഷൻസും കിട്ടിയിട്ട് ഏഴ് മാസമായി. മെട്രോ സ്റ്റേഷന്റെ പണി പൂർത്തിയാകാറായി. ആ പണി പൂർത്തിയായിക്കഴിയുമ്പോൾ താഴേയ്ക്ക് ഇറങ്ങാൻപോലും കഴിയാതെ വരും. അതുകൊണ്ട് അടിയന്തരമായി പണി പൂർത്തീകരിക്കണം. ഭരണതലത്തിൽ തന്നെ ബുദ്ധിമുട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനും ഡോ. ബീന സെക്രട്ടറിയുമായ ഒരു കമ്മിറ്റിയുണ്ടായിരുന്നു. അതിൽ ഡോ. ബീനയ്ക്കുശേഷം താൽക്കാലികമായി എറണാകുളം ജില്ലാ കളക്ടർ ചാർജ്ജെടുത്തു. മൂന്നുമാസം അദ്ദേഹമായിരുന്നു സെക്രട്ടറി. അതിനുശേഷം പി.ഡബ്ല്യു.ഡി സെക്രട്ടറിയായ ഡോ. ഹനീഷിന് ചാർജ് കൊടുത്തു. അദ്ദേഹവും മാറി. ഇപ്പോൾ ഡോ. ആശാ തോമസാണ് സെക്രട്ടറി. ഞങ്ങളൊക്കെ ആ കമ്മിറ്റിയിൽ മെമ്പേഴ്സാണ്. ആകെ ഒരു പ്രാവശ്യമാണ് കമ്മിറ്റി മീറ്റിംഗ് കൂടിയിട്ടുള്ളത്. അതുകൊണ്ട് ഞാൻ സജഷൻ വയ്ക്കുന്നു, ഗോശ്രീ മോഡലിൽ ബന്ധപ്പെട്ട മന്ത്രി ചെയർമാനും എറണാകുളം ജില്ലാ കളക്ടറോ അല്ലെങ്കിൽ അതുപോലുള്ള ഉദ്യോഗസ്ഥനോ സെക്രട്ടറിയുമായി ഒരു ബോർഡുണ്ടാക്കിയാൽ അവിടുത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും തീരുമാനമെടുക്കുന്നതിനും സാധിക്കും അതുകൊണ്ട് ഇന്ന് ഗവൺമെന്റിന്റെ മുന്നിലുള്ള പി.പി.പി. മോഡൽ നേരത്തെ കൊടുത്തിരിക്കുന്ന 433 കോടി രൂപ കട്ട് ഷോട്ട് ചെയ്ത് പ്രായോഗികമായി നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. കേരളത്തിന് വളരെ

പ്രതീക്ഷയോടുകൂടി വന്ന മൊബിലിറ്റി ഹബ്ബ്, ഇന്ന് പല ബസുകളും അവിടെ കയറാതെ വരുന്നു. അതുകൊണ്ട് അടിയന്തരമായി പണി പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ദീർഘദൂര ബസ്സുകൾ എറണാകുളം നഗരത്തിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും റോഡ്, മെട്രോ റെയിൽ, ജലഗതാഗതം എന്നീ വിവിധ യാത്രാമാർഗ്ഗങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായ വിധത്തിൽ സംയോജിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് വൈറ്റില മൊബിലിറ്റി ഹബ്ബ് സ്ഥാപിച്ചത്. വിവിധ ഘട്ടങ്ങളിലായാണ് മൊബിലിറ്റി ഹബ്ബിന്റെ വികസനം പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം 2011-ൽ പ്രവർത്തനസജ്ജമായി. കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും കൂടുതൽ സർവ്വീസ് നടത്തുന്നതിനുള്ള ബസ്ബേകൾ, പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനുള്ള വാഹന പാർക്കിംഗ്, സ്വകാര്യ വാഹനത്തിൽവന്ന് പൊതുയാത്രാ സൗകര്യം ഉപയോഗിക്കുമ്പോൾ ആവശ്യമായി വരുന്ന പാർക്കിംഗ്, ബസ്സിൽനിന്നും ബോട്ടിലേക്കും മെട്രോയിലേക്കും തിരിച്ചുമുള്ള അനായസ യാത്രാസൗകര്യം, യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും ആവശ്യമായ സൗകര്യങ്ങളുള്ള ടെർമിനൽ തുടങ്ങിയവയുള്ള രണ്ടാംഘട്ട വികസനം

നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്ക് ആവശ്യമായ പദ്ധതി പ്ലാനിംഗ് ബോർഡിലെയും മറ്റ് വിദഗ്ദ്ധരുടെയും സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അങ്ങ് പറഞ്ഞ ഭരണപരമായ മാറ്റങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ച് എന്തൊക്കെയാണ് ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിച്ച് മുന്നോട്ട് കൊണ്ടുപോകും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഏറ്റവും വേഗത്തിൽ ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഭരണപരമായ മാറ്റങ്ങൾ ഞങ്ങൾ ആലോചിച്ച് ഉടനെ തീരുമാനമെടുക്കുന്നതാണ്.

മി. സ്പീക്കർ: ഈ വിഷയം ബഹുമാനപ്പെട്ട വർക്കല കഹാറും എഴുതിത്തന്നിട്ടുണ്ട്. പക്ഷെ രണ്ടുപേർക്കും ഒരേ സമയം സബ്മിഷൻ അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ബഹുമാനപ്പെട്ട എളമരം കരീമിനെ ക്ഷണിക്കുന്നു.

## ലൈഫ്ഗാർഡുകളുടെ പ്രശ്നങ്ങൾ

ശ്രീ. എളമരം കരീം: സർ, ടൂറിസം ലൈഫ്ഗാർഡുകൾ വളരെ സാഹസികമായി ജോലി ചെയ്യുന്നവരാണ്. ബഹുമാനപ്പെട്ട വർക്കല കഹാർ ഇവിടെ ഈ വിഷയം എഴുതിക്കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിന്റെ സീരിയസ്സ്നസ്സ് ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് മനസ്സിലാകുമല്ലോ. നിരവധി പേരുടെ ജീവൻ രക്ഷിക്കുന്ന വളരെ അപകടം പിടിച്ചമേഖലയിൽ ജോലി ചെയ്യുന്ന ഇവർ ഇപ്പോഴും

ദിവസവേതനക്കാരാണ്. കേന്ദ്ര പഠനസംഘം കേരളത്തിലെത്തിയപ്പോൾ കൊല്ലം ബീച്ചിൽ കുളിക്കാനിറങ്ങിയ രണ്ട് സെക്രട്ടറിമാരെ ലൈഫ് ഗാർഡുകൾ രക്ഷപ്പെടുത്തിയെന്ന് ഇന്നത്തെ പത്രവാർത്തയിലുണ്ട്. വളരെ തുച്ഛമായ തുകയാണ് ഇവർക്ക് ലഭിക്കുന്ന ദിവസ വേതനം. ജോലിയിൽ സ്ഥിരപ്പെടുത്തണമെന്ന് ഇവർ ആവശ്യപ്പെടുന്നു. അപകടകരമായ ജോലിയായതുകൊണ്ട് ഇൻഷ്വറൻസ് പരിരക്ഷ വേണം. സ്ഥിരപ്പെടുത്തൽ നടപടി പൂർത്തിയാകുന്നതുവരെ ദിവസവേതനം 600 രൂപയായി നിശ്ചയിക്കണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ നിയമസഭയ്ക്കുമുന്നിൽ ധർണ്ണ നടത്തുകയാണ്. വളരെ ജീവകാരുണ്യപരമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച, ടൂറിസം വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നയാളുകളാണ്. അവരുടെ സംഭാവനകൾ വളരെ വലുതാണ്. ജീവൻ പണയം വച്ചുകൊണ്ടാണ് അവർ ജോലി ചെയ്യുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത ഉടൻ തന്നെ അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തിയിരുന്നു. ബഹുമാന്യനായ എം.എൽ.എ. ശ്രീ. വർക്കല കഹാർ ഉൾപ്പെടെ ആ ചർച്ചയിൽ പങ്കെടുത്തതാണ്. അന്നത്തെ തീരുമാനമനുസരിച്ച് നിലവിലുണ്ടായിരുന്ന അവരുടെ ചാർജ് മുന്നൂറ്

രൂപയിൽനിന്നും നാന്നൂറ് രൂപയായി വർദ്ധിപ്പിച്ചു. എല്ലാവർക്കും ആനുപാതികമായ വർദ്ധനവ് നടത്തുകയുണ്ടായി. അതിനുശേഷവും വർദ്ധനവ് വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഫുഡ് അലവൻസ് അമ്പത് രൂപയിൽനിന്ന് നൂറ് രൂപയായി വർദ്ധിപ്പിച്ചു. അങ്ങനെ ഈ ഗവൺമെന്റ് വന്നശേഷം 150 രൂപയുടെ വർദ്ധനവ് ലൈഫ് ഗാർഡുകൾക്ക് നൽകിയിട്ടുണ്ട്. അതുപോരാ എന്നുള്ള അഭിപ്രായം ഗവൺമെന്റിനുമുണ്ട്. അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

## ടോൾ പിരിവ്

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ നിയോജകമണ്ഡലമായ പട്ടാമ്പിയിലെ പുലാമന്തോൾ പാലവും നിയോജകമണ്ഡലത്തിന്റെ പഴയ ഭാഗമായിരുന്ന ഷൊർണ്ണൂരിലെ കൊച്ചി പാലവും പണി പൂർത്തിയായിട്ട് പതിനാല് വർഷമായി. പത്ത് കോടി രൂപയിൽ താഴെ ചെലവുള്ള പാലങ്ങൾക്ക് ടോൾ ഒഴിവാക്കാൻ ഗവൺമെന്റ് നയപരമായി തീരുമാനം എടുത്തതാണ്. എന്നാൽ പുലാമന്തോൾ പാലം പണിത കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ സർക്കാരിനെക്കാളും വലിയ സ്ഥാപനമാണെന്നാണ് എനിക്ക് തോന്നുന്നത്. അവർ പറയുന്നത് ഞങ്ങൾക്ക് അത് ബാധകമല്ലായെന്നതാണ്. നാലഞ്ചു മാസം മുമ്പുള്ള സഭാ

സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയതായിരുന്നു. രണ്ടു പാലത്തിലും ഇതുവരെ ടോൾ പിരിവ് നിർത്തിയിട്ടില്ല. കഴിയുന്നത്ര വേഗത്തിൽ രണ്ടു പാലത്തിലെയും ടോൾ പിരിവ് നിർത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെയും പുലാമന്തോൾ പാലത്തിന്റെയും ടോൾ പിരിവ് നിർത്തലാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. 09.12.2014 -ന് ഉന്നയിച്ച സബ്മിഷന് ഈ പാലങ്ങൾക്ക് എത്ര രൂപ പിരിഞ്ഞുകിട്ടിയെന്ന് കണക്കാക്കിയശേഷം ടോൾ പിരിവ് നിർത്തുന്നതിനുള്ള നടപടി ആലോചിക്കാമെന്ന് മറുപടി നൽകിയിരുന്നു. ഇപ്പോൾ സർക്കാർ ഇക്കാര്യം പരിഗണിച്ചുവരികയാണ്. ആവശ്യമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇതു സംബന്ധിച്ച യോഗം ചേരാനും ഡിപ്പാർട്ടുമെന്റ് തയ്യാറാണ്.

## മരങ്ങൾ മുറിച്ചുമാറ്റൽ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, വളരെ അടിയന്തര പ്രാധാന്യത്തോടെ നടപടിയെടുക്കേണ്ട ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതേസമയത്ത് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട വിഷയം കൂടിയാണ്. സംസ്ഥാനത്ത് വലിയ ഗതാഗതത്തിരക്കുള്ള സ്റ്റേറ്റ്, നാഷണൽ ഹൈവേ മുതൽ ചെറുതും വലുതുമായ പി.ഡബ്ല്യു.ഡി. റോഡുകളിൽ വളർച്ച മുരടിച്ചതും

വിവിധ കേടുപാടുകൾ ബാധിച്ച് ദുർബലാവസ്ഥയിൽ നിൽക്കുന്നതുമായ ധാരാളം മരങ്ങളുണ്ട്. രണ്ടാഴ്ച മുമ്പുണ്ടായ കാറ്റിലും മഴയിലുമായി നിരവധി മരങ്ങൾ വീഴുകയും നിരവധി ആളുകൾ മരിക്കുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽ ഒരാൾ മരിക്കുകയും പന്ത്രണ്ടോളം പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. ധാരാളം വാഹനങ്ങളുടെ മുകളിൽ മരങ്ങൾ വീണു. ഇത് വലിയൊരു ഭീഷണിയാണ്. അഞ്ച് കുട്ടികൾ മരിക്കാനിടയായ സംഭവം കോതമംഗലത്താണ് സംഭവിച്ചത്. ഓടിക്കൊണ്ടിരുന്ന ബൈക്കിനുമുമ്പിൽ മരക്കൊമ്പ് വീണാണ് എന്റെ മണ്ഡലത്തിലെ ഷിനോജ് എന്ന യുവാവ് മരിച്ചത്. സംസ്ഥാനത്തിലെ പല ഭാഗങ്ങളിലും ഇങ്ങനെയുള്ള ഒറ്റപ്പെട്ട സംഭവം ഇടയ്ക്കിടെ ഇന്നുണ്ടാകുന്നുണ്ട്. മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതും അത് സംരക്ഷിക്കേണ്ടതും നമ്മുടെ നിലനിൽപ്പിന്റെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. എങ്കിലും അപകടഭീഷണിയുള്ള മരങ്ങൾ മുറിച്ചു മാറ്റിയേ മതിയാകൂ. റോഡരികിൽ നിൽക്കുന്ന മരങ്ങളിൽ ഏറിയകൂറും മഴമരങ്ങൾ എന്നറിയപ്പെടുന്ന, വളരെ പെട്ടെന്ന് പടർന്ന് പന്തലിച്ച് വളരുന്നതും വേരുകൾ അടിയിലേയ്ക്ക് ആഴ്ന്നിറങ്ങാതെ ഉപരിതലത്തോട് ചേർന്ന് പരന്നുകിടക്കുന്നതുമായ വിഭാഗത്തിൽപ്പെട്ടവയാണ്. ഇവയുടെ കൊമ്പുകൾ പൊട്ടിവീഴാനും മരം കാറ്റിൽ കടപുഴകി വീഴാനും സാദ്ധ്യത വളരെ കൂടുതലാണ്. ഇത്തരം മരങ്ങൾ പരിശോധിക്കാൻ വേണ്ടിയുള്ള സംവിധാനമുണ്ടാക്കണം. ആര്യവേപ്പ് പോലുള്ള മരങ്ങളാണ് തമിഴ്നാടിൽ വച്ചുപിടിപ്പിക്കുന്നത്. അത്തരം മരങ്ങൾ വലിയ

കാറ്റിൽപ്പോലും കടപുഴകി വീഴില്ല. അത്രയേറെ ബലമുണ്ട് അവയുടെ വേരുകൾക്ക്. എന്നാൽ ഇവിടെ അങ്ങനെയല്ല. ഒരു കാലത്ത് അക്കേഷ്യാ മരങ്ങൾ വച്ചുപിടിപ്പിച്ചിരുന്ന സ്ഥലത്ത് എത് മരമെന്ന് നോക്കാതെ പാഴ്മരങ്ങൾ വച്ചുപിടിപ്പിച്ചതുകൊണ്ടുള്ള അപകടമാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഏകപക്ഷീയമായ ഒരു ഉത്തരവിട്ടാൽ ഈ മരങ്ങളെല്ലാം മുറിച്ചുകളയും. ആ രീതിയിലാവാതെ ഏതൊക്കെ മരങ്ങളാണോ അപകടാവസ്ഥയിലുള്ളത് എന്ന് പരിശോധിക്കാൻ ഒരു സംവിധാനമുണ്ടാക്കുകയും അപകടാവസ്ഥയിലുള്ള മരങ്ങൾ മാത്രം കണ്ടുപിടിച്ച് അവ മുറിച്ചുമാറ്റാനുള്ള നടപടിയിലേയ്ക്ക് കടക്കുമോ; ഒരു മരം മുറിച്ചുകളയുമ്പോൾ സർക്കാർ പറയുന്ന തരത്തിലുള്ള എണ്ണം മരങ്ങൾ പുതിയതായി വച്ചുപിടിപ്പിക്കുകയും വേണം. അത് ഔഷധഗുണമുള്ളതും ഭീമാകാരമായി വളരാത്തതുമായ മരങ്ങളായിരിക്കണം. ആ കാര്യത്തിൽ ഒരു ശ്രദ്ധയുണ്ടാകണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സംസ്ഥാനത്തെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ തുടങ്ങിയ ചെറുതും വലുതുമായ റോഡരികുകളിൽ കാലപ്പഴക്കംകൊണ്ട് കേടുകൾ വന്ന് വീഴാറായി നിൽക്കുന്ന മരങ്ങൾ മൂലം കാറ്റത്തും മഴയത്തും മറിഞ്ഞ് മരണമടക്കമുള്ള അത്യാഹിതങ്ങൾ സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലത്ത് അങ്ങനെ ഒരു സംഭവമുണ്ടായ ഉടൻതന്നെ പൊതുമരാമത്ത് വകുപ്പ് ഇക്കാര്യത്തിൽ ഉണർന്ന്

പ്രവർത്തിച്ചു. അപ്പോൾ തന്നെ ബന്ധപ്പെട്ട എ.ഇ.-മാർക്കും, എ.എക്സ്.ഇ.-മാർ ഉൾപ്പെടെ താഴെത്തട്ടിലേയ്ക്ക് നിർദ്ദേശം കൊടുക്കുകയും അങ്ങനെ അപകടാവസ്ഥയിലുള്ള നിരവധി മരങ്ങൾ പൊതുമരാമത്ത് വകുപ്പ് മുറിച്ചുമാറ്റിക്കൊണ്ടിരിക്കുകയുമാണ്. പുതുതായി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിൽ അങ്ങയുടെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. നമ്മൾ വയ്ക്കുന്ന മരങ്ങളെ പാഴ്മരങ്ങൾ എന്നുപറയാൻ പാടില്ലെന്നാണ് പരിസ്ഥിതിവാദികൾ പറയുന്നതെങ്കിലും പാഴ്മരങ്ങളാണ് നമ്മൾ വച്ചുപിടിപ്പിക്കുന്നത്. തമിഴ്നാട് സർക്കാർ ചെയ്യുന്നതുപോലെ പുളിയും ആര്യവേപ്പും നടുകയാണെങ്കിൽ അതിൽ നിന്നും ഒരുപിടി വരുമാനം കിട്ടുമെന്ന് മാത്രമല്ല, പ്രകൃതിദത്തമായ സംരക്ഷണവും ലഭിക്കും. സോഷ്യൽ ഫോറസ്ട്രിയാണ് അക്കാര്യത്തിലൊരു തീരുമാനമെടുക്കേണ്ടത്. റോഡരികിൽ പുളിയും ആര്യവേപ്പും വച്ചുപിടിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തണമെന്നാണ് പൊതുമരാമത്ത് വകുപ്പിന്റെ അഭ്യർത്ഥന. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇവിടെയുണ്ട്, അദ്ദേഹം ഇതിനെ സംബന്ധിച്ച് ഒരു വാക്ക് പറയുന്നത് നന്നായിരിക്കും.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇത് പൊതുവായി കേരള സമൂഹം ചർച്ച ചെയ്ത ഒരു വിഷയമാണ്. മരങ്ങൾ വീഴുന്നതുകൊണ്ടും മരത്തിന്റെ ഇലകളിൽനിന്നും വെള്ളം കുത്തനെ വീഴുന്നതുകൊണ്ടും രണ്ട് പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഒന്ന്

ജീവഹാനിയുണ്ടാകുന്നു, മറ്റൊന്ന് റോഡ് തകർന്നുപോകുന്നു. അത് സംഭവിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണം എന്നതാണ് വനം വകുപ്പിന്റെ കാഴ്ചപ്പാട്. അതുകൊണ്ട് റോഡ് ഫ്രണ്ട്ലിയായിട്ടുള്ള മരങ്ങൾക്ക് പ്രാധാന്യം കൊടുത്ത് അത് വച്ചുപിടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.